ഉപഭോക്തൃതാൽപര്യം സംരക്ഷിക്കു ന്നതിനായുള്ള സംവിധാനങ്ങൾ കരട് ബില്ലിൽ വിഭാവനം ചെയ്യുന്നുണ്ട്. കൂടാതെ ഉപഭോക്താക്കൾ പരാതിപ്പെടുകയാണെങ്കിൽ വിറ്റഴിക്കപ്പെടുന്ന സാധനങ്ങൾക്ക് ഗ്രണനിലവാരമുണ്ടോ എന്ന് പരിശോധിക്കുന്ന നിലവിലുള്ള പൊതുസംവിധാനം മൾട്ടിലെവൽ മാർക്കറ്റിംഗിന്റെ കാര്യത്തിലും ബാധകമാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ്

169 (8005) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. റ്റി. ജോർജ്ജ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ് രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) വ്യവസായ ഉച്ചകോടിയിൽ വന്ന പദ്ധതികൾക്ക് വിവിധ വകുപ്പുകളുടെ അനുമതി ലഭ്യമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഒരുക്കിയിരി ക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത ബോർഡ് എന്തെല്ലാം പ്രവർത്തനങ്ങൾ ഇതുവരെ നടത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേരള സർക്കാരിന്റെ 24-9-2012-ലെ സ.ഉ. (സാധാ) നമ്പർ 1412/2012/വ്യവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ഒരു ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി ഈ ബോർഡിന്റെ അദ്ധ്യക്ഷനും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഈ ബോർഡിന്റെ കൺവീനറുമാണ്. കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എമർജിംഗ് കേരള നിക്ഷേപക സംഗമത്തിൽ വിവിധ വകുപ്പുകളിലായി ലഭിച്ച വിവിധ പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേക്കായി പദ്ധതി നിർദ്ദേശങ്ങൾക്ക് അംഗീകാരം കൊടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുക മുതലായവയാണ് ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡിന്റെ ലക്ഷ്യങ്ങൾ.

(സി) എമർജിംഗ് കേരള വ്യവസായ നിക്ഷേപക സംഗമത്തിൽ ലഭിച്ച പദ്ധതികളെക്കുറിച്ച് വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം നൽകുവാനുള്ള സൗകര്യങ്ങളാണ് ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ് ഒരുക്കിയിരിക്കുന്നത്. ഈ ബോർഡിൽ സർക്കാർ തലത്തിലുള്ള വിവിധ സെക്രട്ടറിമാരുടെ പ്രാതിനിധ്യം ഉള്ളതിനാൽ പദ്ധതികൾക്ക് അനുമതി ലഭിക്കുന്നതിന് എന്തെങ്കിലും കാലതാമസമോ തടസ്സമോ നേരിടുകയാണെങ്കിൽ അത് പെട്ടെന്ന് പരിഹരിക്കാൻ സാധിക്കും.

(ഡി) എമർജിംഗ് കേരള വ്യവസായ സംഗമത്തിൽ ലഭിച്ച വിവിധ പദ്ധതികളുടെ അംഗീകാരത്തിനുള്ള വിശദമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ മുഖേന ലഭിക്കുന്ന മുറയ്ക്ക് ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ് യോഗം കൂടുന്നതാണ്.

എമർജിംഗ് കേരള വേറൊരു രൂപത്തിൽ വീണ്ടും നടത്തുന്നതിന് നീക്കം

170 (8006) ശ്രീ. എളമരം കരീം :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരള വേറൊരു രൂപത്തിൽ വീണ്ടും നടത്തുന്നതിനു വ്യവസായ വകുപ്പ് നീക്കം നടത്തുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) എമർജിംഗ് കേരളയിൽ എത്ര പദ്ധതികളാണ് സമർപ്പിക്കപ്പെട്ടിരുന്നത് ; ഇതിൽ വിദേശത്തുനിന്നും സ്വദേശത്തുനിന്നും എത്ര കമ്പനികൾ വീതം ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly